ശ്രീ. ടി. എ. തൊമ്മൻ : ഡയറക്ടറാഫീസിൽനിന്നു് അയച്ചുകൊടുത്തിട്ടുണ്ടെങ്കിൽ അതിനു ഡയറക്ടറക്കു് അധികാരമില്ലെന്നാണോ പറഞ്ഞതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അങ്ങനെ പറഞ്ഞില്ല.

ശ്രീ. എൻ. രാജഗോപാലൻനായർ : മേലാൽ ഗവണ്മെൻറു നിർദ്ദേശപ്രകാരം തയാറാക്കുന്ന ബിൽ ഗ്രന്ഥശാലാസംഘത്തിന്റെ അഭിപ്രായത്തിനയച്ചുകൊടുത്തു് അവരുടെ അഭിപ്രായം അനുസരിച്ചു് അവതരിപ്പിക്കാനാണോ വിചാരിക്കുന്നതു് ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : അതു് അവരോടതന്നെ പറഞ്ഞിട്ടുണ്ടു്.

ശ്രീമതി ലീലാ ദാമോദരമേനോൻ : ഗവണ്മെൻറിൽനിന്നുള്ള നിർദ്ദേശമല്ലാതെ ഡയറക്ടറാഫീസിൽനിന്നു് ഇങ്ങനെ ഒരു കരടുബില്ലയച്ചിട്ടുണ്ടെങ്കിൽ അതിനെക്കുറിച്ചു് അന്വേഷിക്കുമോ ?

ശ്രീ. ജോസഫ് മുണ്ടശ്ശേരി : ഏതുകാരണത്തെ കരടുബില്ലാണു് അയച്ചതെന്നു അന്വേഷിക്കുവാൻ നടപടികളെടുത്തിട്ടുണ്ടു്.

ചീഫ് ഇഞ്ചിനീയറന്മാർ.

* 1813. [28] ശ്രീ. കെ. അവുക്കാദർകുട്ടി നഹ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ എത്ര ചീഫ് ഇഞ്ചിനീയറന്മാരുണ്ടു് ;

(ബി) കൂടുതൽ ചീഫ് ഇഞ്ചിനീയറന്മാരെ നിയമിക്കുവാൻ ഈ ഗവണ്മെൻറു് ആലോചിക്കുന്നുണ്ടോ ?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്) :

(എ) 4.

(ബി) ഇല്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇവരുടെ എണ്ണം കുറയ്ക്കുവാൻ ആലോചനയുണ്ടോ ?

ശ്രീ. ടി. വി. തോമസ് : ഇവർക്കു ഓരോ ജോലി കൊടുത്തിട്ടുള്ളതുകൊണ്ടു് തൽക്കാലം കുറയ്ക്കുവാൻ നിവർത്തിയില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇവിടെ ഭരണച്ചെലവു് കൂടുതലാണെന്നു സാധാരണ പറയാറുണ്ടു്. ചീഫ് ഇഞ്ചിനീയറന്മാരുടെ എണ്ണം മറ്റു സ്റ്റേറുകളെ അപേക്ഷിച്ചു് ഇവിടെ കൂടുതലോ, കുറവോ ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : മറ്റു സ്റ്റേറുകളിലുള്ളതിനെക്കാൾ ഇവിടെ കുറവാണു്.

ശ്രീ. എം. നാരായണക്കുറുപ്പ് : മദ്രാസിൽ എത്രയുണ്ടു് ?

ശ്രീ. വി. ആർ. കൃഷ്ണയ്യർ : ഇവിടത്തെക്കാൾ കൂടുതലുണ്ടു്.

തഹസീൽദാരന്മാരുടെ ഇൻക്രിമെൻറഡ് ലിസ്റ്റ്.

* 1814. [29] ശ്രീ. എൻ. രാജഗോപാലൻനായർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തഹസീൽദാരന്മാരുടെ ഒരു ഇൻക്രിമെൻറഡ് ലിസ്റ്റ് തയാറാക്കിയിട്ടുണ്ടോ (Travancore-Cochin and Malabar) ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എപ്പോൾ തയ്യാറാക്കുന്നു ഈ ലിസ്റ്റ് തയ്യാറാക്കാൻ സ്വീകരിച്ചുവരുന്നു ;

(സി) ഈ ലിസ്റ്റ് തയ്യാറാക്കിയതിൽ തെറ്റുപറ്റിയിട്ടുണ്ടെന്നുള്ള വിവരം മന്ത്രിയുടെ മനസ്സിലായോ ;

(ഡി) തഹസീൽദാരന്മാരിൽ അതൃപ്തിയെങ്കിലും പരാതിയുണ്ടോ ?

റവന്യൂവകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :

(എ) ഉണ്ടു്.

(ബി) തഹസീൽദാരന്മാരായി ഉദ്യോഗക്കയറ്റം കിട്ടുന്നതിനുള്ള സീനിയോറിറ്റി കണക്കാക്കിയാണു്.

(സി) ചില തെറ്റുകൾ പറ്റിയിട്ടുണ്ടു്.

(ഡി) ഉണ്ടു്.

ശ്രീ. എൻ. രാജഗോപാലൻനായർ : പരാതിയെസംബന്ധിച്ചു് തീരുമാനമെടുക്കുകയുണ്ടായോ ?

ശ്രീമതി കെ. ആർ. ഗൗരി : രണ്ടുമൂന്നുപേരുടെ പരാതികൾ വന്നുകഴിഞ്ഞപ്പോഴാണു് ചില തെറ്റുകൾ പറ്റിയിട്ടുണ്ടെന്നുള്ള മനസ്സിലായതു്. ഉദ്യോഗക്കയറ്റമായിട്ടുള്ള സീനിയോറിറ്റി കണക്കാക്കുന്നതിനുള്ളതാണു് സീനിയോറിറ്റി ലിസ്റ്റ്. എങ്കിലും ലിസ്റ്റു് തയ്യാറാക്കിയപ്പോൾ ചില ആളുകളുടെ ബ്രേക്കു് അഥവാ സർവീസു് കണക്കിലെടുത്തില്ല. അങ്ങനെയാണു് തെറ്റു പറ്റിയതു്. അതു് മനസ്സിലാക്കിയ ഉടനെ അതിന്മേൽ നടപടിയെടുത്തു.

ശ്രീ. എൻ. രാജഗോപാലൻ നായർ : മൊത്തം എത്ര പരാതികൾ ഈ കാര്യത്തെപ്പറ്റി വന്നിട്ടുണ്ടെന്നു പറയാമോ ?

ശ്രീമതി കെ. ആർ. ഗൗരി : എത്ര പരാതികൾ കിട്ടിയിട്ടുണ്ടെന്നു് അറിയാൻ പാടില്ല. ശ്രീ. രാജഗോപാലൻനായർ എന്റെ അടുത്തു് ഒരു പരാതി തന്നു. വേറെ Association നൊ തഹസീൽദാരന്മാരൊ ഒക്കെ തന്നിട്ടുണ്ടു്.

ശ്രീ. എം. എം. മത്തായി : ചില തെറ്റുകൾ പറ്റിയിട്ടുണ്ടെന്നു പറഞ്ഞതിന്റെ സ്വഭാവമെന്തെന്നു പറയാമോ ?

ശ്രീമതി കെ. ആർ. ഗൗരി : ഉദ്യോഗക്കയറ്റമായിട്ടുള്ള സർവീസ് തീരുമാനം കണക്കിലെടുക്കേണ്ടതുണ്ടു്. അതനുസരിച്ചു ലിസ്റ്റു് തയ്യാറാക്കിയപ്പോൾ റിവർഷന്റെ കാലം കണക്കിലെടുത്തില്ല. അതുകൊണ്ടാണു് തെറ്റു വന്നതു്.

അദ്ധ്യാപക വിദ്യാർത്ഥികളുടെ സമരം.

* 1815. [30] ശ്രീ. പി. എം. കുഞ്ഞിരാമൻനമ്പ്യാർ : താഴെ കാണുന്ന ചോദ്യങ്ങൾക്കു വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഈ കഴിഞ്ഞ മാർച്ചു് മാസത്തിൽ മലബാറിലെ അദ്ധ്യാപക വിദ്യാർത്ഥികൾ നടത്തിയ സമരത്തെത്തുടർന്നു് ഏതെങ്കിലും ട്രെയിനിംഗ് സ്കൂളിലെ വിദ്യാർത്ഥികളുടെ പ്രമോഷൻ നിഷേധിക്കുകയുണ്ടായോ ; ഉണ്ടെങ്കിൽ ഏതു സ്കൂളിലെ വിദ്യാർത്ഥികളെ ;

(ബി) പ്രസ്തുത സമരം പിൻവലിച്ചതിനെത്തുടർന്നു് അദ്ധ്യാപക വിദ്യാർത്ഥികൾ ആവശ്യപ്പെട്ട കൺസ്സെഷൻ മൊത്തമായി കൊടുക്കുവാൻ അവരുടെ പ്രതിനിധികൾ ആവശ്യപ്പെടുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏതു തവണകളിലായി ഏതുകാലംമുതൽ തിരിച്ചുകൊടുക്കുവാനാണു് വ്യവസ്ഥ ചെയ്യുവാൻ പോകുന്നതു് ;

(ഡി) അവരിൽ ചിലരുടെ ആവശ്യപ്രകാരം ഫീസും മൊത്തമായി കൊടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly